LIBRARY ARCHIVES Kerala Legislative Assembly

വൃക്ക രോഗികളുടെ എണ്ണം

24 (2575) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൃക്ക രോഗികളുടെ ചികിത്സക്കായി കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സെന്ററുകൾ ഉള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിൽ സർക്കാർ മേഖലയിൽ കൂടുതൽ ഡയാലിസ് സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലാണ് ഡയാലിസിസ് സെന്റർ ഉള്ളത്.

(ബി) കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്ടും താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി നീലേശ്വരത്തും ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് കെട്ടിടം പണി പൂർത്തീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. നീലേശ്വരത്ത് സ്ഥല സൗകര്യം കണ്ടെത്തേണ്ടതുണ്ട്.

മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്താൻ നടപടി

25 (2576) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട CHC താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തി CHC-യെ താലൂക്കാശുപത്രിയായി അപ്ഗ്രേഡ് ചെയ്ത് കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.